**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1332 — 06-02-2020 -ൽ മറുപടിക്ക്

**ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗത്തിനുള്ള മാനദണ്ഡം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് നടത്തപ്പെടുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യത ഉള്ള സ്ഥലങ്ങളിൽ പ്രതലം മാറ്റി ഇന്റർലോക്ക് ടൈൽ ഇടുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം തടസ്സമുണ്ടോ; | എ) & ബി) | ഉണ്ട്; സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദിക്കാവുന്ന പ്രവൃത്തികൾ ഗതാഗത പുനഃസ്ഥാപനത്തിനായുള്ള അടിയന്തിര റിപ്പയർ പ്രവൃത്തികൾ മാത്രമാണ്. അത് പ്രകാരം റോഡുകളിൽ സോളിംഗ്, മെറ്റലിംഗ്, പുതിയ ടാറിംഗ്, കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, ഓടകളുടെയും കലുങ്കുകളുടെയും നിർമ്മാണം, റോഡ് പ്രതലത്തിന്റെ തരംമാറ്റിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവൃത്തികൾ അനുവദിക്കാനാകില്ല. |
| ബി) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ